## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 199 — 23-01-2014 ലെ മറുപടിയ്ക്ക്

## ലോട്ടറി വകുപ്പിൽ ഇ-പെയ്മെന്റ് സംവിധാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.എം.പി.വിൻസെന്റ് :<br>ശ്രീ.പാലോട് രവി :<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ.സി.പി.മുഹമ്മദ് : | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ) | സംസ്ഥാനത്തെ ലോട്ടറി വകുപ്പിൽ ഇ-പെയ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ;<br>വിശദമാക്കുമോ; | എ) | സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതു പ്രകാരം ഏജന്റുമാർക്ക് ഭാഗ്യക്കുറി ടിക്കറ്റിന്റെ വില സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ശാഖയിൽ ഒടുക്കാവുന്നതും, ജില്ലാ ഭാഗ്യക്കുറി ഓഫീസർക്കുള്ള ചെലാൻ രസീത് ബന്ധപ്പെട്ട ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ സമർപ്പിച്ച്, ഒടുക്കിയ തുകയ്ക്കുള്ള ടിക്കറ്റ് വാങ്ങാവുന്നതുമാണ്. തിരുവനന്തപുരം ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ ഇ്-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് ഓഫീസുകളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | എന്തെല്ലാം സൗകര്യങ്ങളാണ് ലോട്ടറി ഏജന്റുമാർക്ക് പ്രസ്തുത സംവിധാനം വഴി ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ടിക്കറ്റ് വില്പന പ്രക്രിയ കൂടുതൽ സുഗമവും സുരക്ഷിതവും ആക്കാൻ കഴിയുന്നുണ്ട്. ലോട്ടറി ഏജന്റുമാർക്ക് ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ലഭിക്കുന്ന സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ടിക്കറ്റ് വാങ്ങുന്നതിനായി ഏജന്റുമാർക്ക് വൻതുക നേരിട്ട് ഭാഗ്യക്കുറി ഓഫീസിൽ എത്തിക്കുന്ന സാഹചര്യവും തന്മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകളും ഒഴിവാക്കാനാകുന്നു.<br>2. ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ ഇപ്പോൾ അനുഭവപ്പെട്ടുവരുന്ന ഏജന്റുമാരുടെ തിക്കും തിരക്കും ഒഴിവാക്കാനാകുന്നു. ഇത് മൊത്തത്തിൽ ഓഫീസിന്റെ അന്തരീക്ഷം സൗഹൃദപരമാക്കുന്നു. |

3. പണമിടപാടുകൾ ഓൺലൈൻ വഴിയാക്കുന്നതുകൊണ്ട് ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ നിന്നും കാര്യക്ഷമവും ത്വരിതഗതിയിലുമുള്ള സേവനം ലഭ്യമാകുന്നതിനാൽ ഏജന്റുമാർക്ക് വില്പനയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് കൂടുതൽ സമയം ലഭ്യമാകുന്നു.

| | | | |
|---|---|---|---|
| സി) | ഏതെല്ലാം ബാങ്കുകളാണ് ഈ സംരംഭവുമായി സഹകരിക്കുന്നത്; വിശദമാക്കാമോ; | സി) | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനെയാണ് സർക്കാർ ഈ പദ്ധതിക്കായി ചുമതലപ്പെടുത്തിയിരിക്കുന്നത് |
| ഡി) | എല്ലാ ജില്ലകളിലും പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ഡി) | തിരുവനന്തപുരം ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് 13 ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ പദ്ധതി വ്യാപിപ്പിക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |

1. മറ്റ് ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിലെ ജില്ലാ ഭാഗ്യക്കുറി ഓഫീസർമാരുടെ പേരിൽ എസ്.ബി.റ്റി.മെയിൻ ബ്രാഞ്ചിൽ പ്രത്യേകം അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്.
2. ഇന്റർനെറ്റ് അധിഷ്ഠിതമായി നടപ്പിലാക്കുന്നതിനാൽ ഓരോ ജില്ലാ ഭാഗ്യക്കുറി ഓഫീസർക്കും പ്രത്യേകം Login name, password എന്നിവ ഇതിനകംതന്നെ എസ്.ബി.റ്റി.യിൽ നിന്നും നൽകിക്കഴിഞ്ഞിട്ടുണ്ട്.
3. ഏജന്റുമാർക്ക് വിതരണം ചെയ്യാനായി ചെലാനുകൾ അച്ചടിച്ച് 13 ജില്ലാ ഭാഗ്യക്കുറി ഓഫീസർമാർക്കും നൽകിയിട്ടുണ്ട്.
4. ഇ-പേയ്മെന്റ് സംവിധാനത്തെപ്പറ്റി ബോധവൽക്കരിക്കുന്നതിനായി വകുപ്പിന്റെ ആഭിമുഖ്യത്തിൽ 15.01.2014 ൽ ഐ.എം.ജി.യിൽ വച്ച് ജില്ലാ ഭാഗ്യക്കുറി ഓഫീസർമാർക്കായി ഒരു പരിശീലന പരിപാടി സംഘടിപ്പിക്കുകയും, കെൽട്രോൺ, എസ്.ബി.റ്റി. എന്നിവിടങ്ങളിൽ നിന്നുള്ള വിദഗ്ധരെ പങ്കെടുപ്പിക്കുകയും ചെയ്തു.

സെക്ഷൻ ഓഫീസർ